File No.SJD/101227/2019-E5

വർഷം
മഹാത്മാവിനെ ഇന്ത്യ
ആഘോഷിക്കുന്നു

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
Pin- 695 033. Ph: 0471- 2306040
**email: swdkerala@gmail.com**
തീയതി : 18/11/2019

# സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരെ അന്തേവാസികളെന്ന് വിളിച്ചാക്ഷേപിക്കുന്നുവെന്ന പരാതി - സംബന്ധിച്ച് -

സൂചന: സർക്കാർ കത്ത് നം. സി1/598/2017/സാ.നാ.വ തീയതി: 08.01.2018.

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരെ അവരുടെ അന്തസ്സിനും, അഭിമാനത്തിനും കോട്ടം തട്ടുന്ന വിധത്തിൽ അന്തേവാസികൾ എന്ന് സംബോധന ചെയ്യുകയോ, പരാമർശിക്കുകയോ ചെയ്യരുതെന്ന് സർക്കാർ നിർദ്ദേശം വകുപ്പിലെ എല്ലാ ജീവനക്കാരുടേയും, ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും സ്ഥാപനങ്ങളിലെ താമസക്കാരെ അന്തേവാസികളെന്ന് ചില ജീവനക്കാരോ, ബന്ധപ്പെട്ടയാളുകളോ അഭിസംബോധന ചെയ്യുകയും പരാമർശിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്ഷേമസ്ഥാപനങ്ങളിലെ താമസക്കാരായ ആളുകളെ ഇംഗ്ലീഷ് പദമായ residents എന്നോ അല്ലെങ്കിൽ മലയാളപദമായ 'താമസക്കാർ' എന്നോ മാത്രമേ അഭിസംബോധന ചെയ്യുമ്പോഴും പരാമർശിക്കുമ്പോഴും ഉപയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകുന്നു. മേലിൽ സ്ഥാപനങ്ങളിലെ താമസക്കാരെ അന്തേവാസികൾ എന്ന് വിളിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പദപ്രയോഗം നടത്തുന്ന ജീവനക്കാർക്കെതിരെ കർശനമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജീവനക്കാർക്കും (കാര്യാലയ മേധാവി മുഖേന)

പകർപ്പ്:-

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.
എല്ലാ ക്ഷേമസ്ഥാപന സൂപ്രണ്ടുമാർക്കും.
സൂപ്രണ്ട്, IT Cell (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

db@